ഇതുപോലുള്ള ആനുകൂല്യങ്ങളും ഉറപ്പു വരുത്താൻ കഴിയുമോയെന്ന് ഗവൺമെന്റ് ഗൗരവപൂർവ്വം പരിഗണിക്കുന്നുണ്ടോ. അതുകൊണ്ട് ഈ പ്രത്യേക ക്ഷേമനിധിക്കായുള്ള ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ, ഈ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, മന്ത്രിയുടെ വിശദമായ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഞാൻ അത് പിൻവലിക്കുകയാണ്. അത് എത്രയും പെട്ടെന്ന് നടപ്പാക്കണം.

മി. ചെയർമാൻ: സഭയുടെ അനുമതിയോടെ പ്രമേയം പിൻവലിച്ചിരിക്കുന്നു.

(പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.)

(7) 2005-ലെ മെഡിക്കൽ രംഗത്തെ തൊഴിലാളികൾക്കുള്ള ക്ഷേമനിധി ബിൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, 2005-ലെ മെഡിക്കൽ രംഗത്തെ തൊഴിലാളികൾക്കുള്ള ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തമ്പാനൂർ രവി: ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഇത് മുമ്പ് പറഞ്ഞപോലെതന്നെ; മെഡിക്കൽ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്കു വേണ്ടിയുള്ളതാണ്. അവർക്കും നിലവിലുള്ള Labour Welfare Fund Board-ൽ അംഗങ്ങളാകാവുന്നതാണ്. രണ്ടിൽ കൂടുതൽ തൊളിലാളികൾ പണിയെടുക്കുന്ന ഏത് സ്ഥാപനത്തിലേയും തൊഴിലാളികൾ ഇപ്പോൾ നിലവിലുള്ള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ വരുന്നതാണ്. അവർക്ക് ആ ബോർഡിൽ അംഗങ്ങളാകാവുന്നതാണ്. ഇപ്പോൾ കുട്ടികളുടെ വിദ്യാഭ്യാസത്തിനും ഉന്നത വിദ്യാഭ്യാസത്തിനും, കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിനും ധനസഹായം, എസ്.എസ്.എൽ.സി.ക്കുള്ള പ്രത്യേക ക്യാഷ് അവാർഡ്, ചികിൽസാ സഹായം ഇങ്ങനെയൊക്കെയുള്ള ആനുകൂല്യങ്ങൾ ഈ ക്ഷേമനിധി ബോർഡിന്റെ പരിധിയിൽപ്പെടുന്നവയാണ്, അതിൽ ഇവരെയും കൊണ്ടു വരാൻ കഴിയും. ഇതിൽ ഇപ്പോൾ ആകെ ഒരു പോരായ്മയായി ചൂണ്ടി കാണിക്കുന്നത് ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകുന്നവർക്ക് പെൻഷൻ ലഭിക്കുന്നില്ലായെന്നതാണ്. ഈ സഭയുടെ പരിഗണനയിൽ ഇപ്പോൾ ഒരു ബിൽ ഉണ്ട്— Shops and Other Establishment Workers' Welfare Fund Board ബിൽ. ഇതിൽ മെഡിക്കൽ രംഗത്തും അതുപോലെതന്നെ ആശുപത്രികളിലും ഒക്കെ ജോലി ചെയ്യുന്ന തൊഴിലാളികളെ കവർ ചെയ്യുന്നുണ്ട്. നമ്മുടെ കടകളിലും കമ്പോളങ്ങളിലും ജോലി ചെയ്യുന്നവരോടൊപ്പം തന്നെ 'Other establishments' എന്നു പറയുന്നതിന്റെ നിർവ്വചനത്തിൽ ഈ മെഡിക്കൽ സ്റ്റോറുകളും, അതുപോലെതന്നെ സ്വകാര്യ ലാബുകളുമൊക്കെ ഉൾപ്പെടുത്താൻ കഴിയും. അവർക്ക് പെൻഷനടക്കമുള്ള ഒരു ക്ഷേമ പദ്ധതിയാണ് നമ്മൾ വിഭാവന ചെയ്തിട്ടുള്ളത്. ഈ സഭയുടെ പരിഗണനയിൽ, ഇപ്പോഴും BAC-യുടെ പരിഗണനയിലുള്ളതാണ് അത്. ഈ സെഷനിൽ തന്നെ ആ ബിൽ അവതരിപ്പിക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇതിന് പ്രത്യേകമായി ഒരു ക്ഷേമനിധി എന്നത് ഇപ്പോഴും ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് ഈ ബില്ലിൻെറ അവതരണാനുമതിക്കുള്ള പ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, എനിക്ക് ഡ്രഗ്സ് കൺട്രോളറുടെ ഓഫീസിൽനിന്നും ലഭ്യമായ വിവരമനുസരിച്ച് റീട്ടെയിൽ മെഡിക്കൽ സ്റ്റോറുകളും 9688-ഉം, ഹോൾസെയിൽ സ്റ്റോറുകളും 3403-ഉം, ഹോമിയോപ്പതിക്ക് മെഡിക്കൽ സ്റ്റോർ 526 എണ്ണവും സെൻട്രിക്റഡ് ഡെറാംസ് വിൽപ്പന നടത്തുന്ന കേന്ദ്രങ്ങളും 217-ഉം, ഫാർമസിസ്റ്റുകളുടെ എണ്ണം 13,617-ഉം, അതുപോലെതന്നെ, അവിടങ്ങളിലെ അനുബന്ധ തൊഴിലാളികളുടെ എണ്ണം 27,234-ഉം ആണ്. അതുപോലെ. Public Health Laboratory Director-ടെ ഓഫീസിൽനിന്നും ലഭിച്ച കണക്കനുസരിച്ച്, കേരളത്തിൽ well equipped labs 140 എണ്ണമുണ്ട്. അതായത്, ശരാശരി 10-നും 15-നും ഇടയിൽ ഓരോ ജില്ലയിലുമുണ്ടെന്നർത്ഥം. Medium and small labs ഏകദേശം പതിനായിരത്തോളം വരും. Well equipped labs-ൽ ഒരു ലബോറട്ടറിയിൽ 70-ഓളം പേർ ഷിഫ്റ്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്നു. അത് ആകെ ആയിരത്തോളം പേർ വരും. Medium and small labs-ൽ ഏകദേശം 1 ലക്ഷത്തോളം പേർ വരും. ജീവനക്കാരുടെ എണ്ണം 1 ലക്ഷം പേർ എന്നുള്ളതാണ് അതിൻെറ ചെറിയൊരു കണക്ക്. ഇപ്പോൾ ഇതെല്ലാം കൂടി കൂട്ടുമ്പോൾ ആകെ ജീവനക്കാരുടെ എണ്ണം ഏകദേശം ഒരു ലക്ഷത്തിപതിനായിരത്തോളം പേർ, ആ രംഗത്ത് പണിയെടുക്കുന്നു. പാരാ മെഡിക്കൽ രംഗത്തും, മരുന്നു വിൽപ്പന രംഗത്തും അതുപോലെ, വിതരണരംഗത്തും, സ്വകാര്യ ആശുപത്രികളുടെ ലബോറട്ടറികളിലും, അല്ലാത്ത ലബോറട്ടറികളിലുമെല്ലാം നിരവധി പേർ പണിയെടുക്കുന്നുണ്ട്. ഇതിൽ നല്ലൊരു പങ്കും സ്ത്രീകളാണ്. ഇവർക്ക് പേരിൽ പറയാൻ വളരെ ചന്തമുള്ള ഒരു പണിയാണ്. എന്നാൽ, ഈ രംഗങ്ങളിൽ അവർക്ക് കിട്ടുന്നത് തുച്ഛമായ ശമ്പളമാണ്. അതുപോലെ, മെഡിക്കൽ റെപ്രസെൻേറാറീവ്സ് എന്നുപറയുന്ന ഒരു വിഭാഗമുണ്ട്. ടൈയും കോട്ടുമൊക്കെ ഇട്ടു നിൽക്കുന്നത് കണ്ടാൽ ചീഫ് സെക്രട്ടറിക്കുമുകളിലുള്ള ജോലിയാണെന്നു തോന്നും. പക്ഷേ, ഇവരുടെ ജോലി ഓരോ ആശുപത്രിയിലും, ഡോക്ടറുടെ വീട്ടിലും കയറ്റു കെട്ടിക്കിടക്കണം എന്നതാണ്. അവർക്കാവശ്യമായ സുഖഭോഗവസ്തുക്കൾ നൽകണം. ഓർഡറനുസരിച്ച് കമ്മിഷൻ കിട്ടും. പക്ഷേ, മെഡിക്കൽ റെപ്രസെൻേറാറീവ്സിന് ശമ്പളം വളരെ കുറവാണ്. അതുപോലെതന്നെ മെഡിക്കൽ സ്റ്റോറുകളിൽ അക്ഷരം മാറിയാൽ ആയുസ്സ് ഒടുക്കുന്ന മരുന്നുകളുടെ കൂമ്പാരങ്ങൾക്കിടയിലാണ് ഇവർ പണിയെടുക്കുന്നത്. മെഡിക്കൽ സ്റ്റോറുകളിലെ ജീവനക്കാർ വളരെ സൂക്ഷ്മതയോടുകൂടി വേണം ജോലി ചെയ്യാൻ. ഇവരെല്ലാം നമ്മുടെ ദയാദാക്ഷിണ്യം അർഹിക്കുന്നവരാണ്. അവർക്ക് സമൂഹത്തിൽ മാന്യമായ ജീവിതം നയിക്കുന്നതിനുവേണ്ടി ഒരു വെൽഫയർ ഫണ്ട് വേണമെന്നാണ് എൻെറ അഭിപ്രായം. അതുപോലെതന്നെ കേരള സംസ്ഥാനത്തിൽ ഓരോ ജില്ലയിലും നേരത്തെ സൂചിപ്പിച്ചപോലെ ശരാശരി 10-നും 15-നും ഇടയ്ക്ക് Well equipped സ്വകാര്യ ലാബുകളുണ്ട്. ഓരോ ലബോറട്ടറിയിലും മെഡിക്കൽ ഓഫീസർ, സയൻറിഫിക്ക് ഓഫീസർ, ലബോറട്ടറി ടെക്നീഷ്യൻ, ലബോറട്ടറി അസിസ്റ്റൻറ്, ക്ലീനേഴ്സ് എന്നിവരുടെ സേവനം തീർത്തും ആവശ്യമാണ്. ലബോറട്ടറിയുടെ വലിപ്പവും കൈകാര്യം ചെയ്യുന്ന സംവിധാനവും അനുസരിച്ച് ജീവനക്കാരുടെയും തൊഴിലാളികളുടെയും എണ്ണത്തിൽ വ്യതിയാനം വരും. ശരാശരി ഒരു Well equipped lab-ൽ 70-ഓളം ജീവനക്കാർ ഉണ്ടാകു

LIBRARY ARCHIVES Kerala Legislative Assembly

മെന്നാണ് കണക്ക്. ഇങ്ങനെ നോക്കുമ്പോഴും നമ്മുടെ സംസ്ഥാനത്ത് ആയിരത്തോളം ആൾക്കാർ Well equipped lab കളിൽ പണിയെടുക്കുന്നു. കൂടാതെ നിരവധി ഇടത്തരം ചെറുകിട ലബോറട്ടറികളും നമ്മുടെ ഓരോ ജില്ലയിലും പ്രവർത്തിച്ചുവരുന്നു. അവരെ നിയന്ത്രിക്കുകയുംകൂടി വേണം. ഇവിടെത്തന്നെ പത്രങ്ങളിൽ വലിയ വാർത്തകളുണ്ട്. മനുഷ്യജീവനു ഭീഷണിയാകുന്ന സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറികളുണ്ട് എന്നാണ് പത്രവാർത്ത വന്നത്. അതുപോലെ, മാതൃഭൂമി എഡിറ്റോറിയലിൽ എഴുതിയിട്ടുള്ള കാര്യം ആരോഗ്യരംഗത്തെ ചൂഷണം തടയണം എന്നുള്ളതാണ്. അതു സംബന്ധിച്ച് പരിശോധനയുംകൂടി ഇതിനകത്ത് ആവശ്യമുണ്ട്. ഓരോ ലാബിലും ശരാശരി 10-നും 15-നും ഇടയിലുള്ള ജീവനക്കാരെ പണിയെടുപ്പിക്കുന്നുണ്ട്. ഈ സ്വകാര്യ ലാബുകളിൽ എല്ലാംകൂടി ഒരു ലക്ഷം പേർ പണിയെടുക്കുന്നുണ്ട്. ഇവിടെയും ഒരു കാര്യം ഞാൻ അടിവരയിട്ട് പറയാൻ ആഗ്രഹിക്കുകയാണ്, മനുഷ്യന്റെ ആരോഗ്യ രക്ഷയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന ഈ വിഭാഗം തൊഴിലാളികൾക്ക് ഇവരുടെ ജീവിത സുരക്ഷിതത്വത്തിന് യാതൊരു രക്ഷയുമില്ല. അവർക്ക് ന്യായമായ ശമ്പളമോ അതുപോലെ മറ്റു ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല.

12.00 NOON] അതിനുപുറമേയാണ് ജോലി ചെയ്യാൻ പറ്റാത്ത അവസ്ഥയെത്തിയാൽ അനാഥത്വത്തിലേക്ക് കൂപ്പുകുത്തുന്നത്. ഖേദകരമായ മറ്റൊരു സംഗതികൂടി പറഞ്ഞുകൊള്ളട്ടെ, നമ്മുടെ സംസ്ഥാനത്ത് എത്ര സ്വകാര്യ ലാബുകൾ ഉണ്ടെന്നോ, അവിടെ എത്ര ജീവനക്കാർ പണിയെടുക്കുന്നു എന്നതിനോ വ്യക്തമായ ഒരു കണക്ക് ബന്ധപ്പെട്ടവരുടെ പക്കലില്ല. ഇതിനുവേണ്ടി മെഡിക്കൽ ഡയറക്ടറേറ്റിൽ എന്തെങ്കിലും ഒരു ക്രമീകരണം ചെയ്യണമെന്നുള്ളത് വളരെ അത്യന്താപേക്ഷിതമാണ്. കാരണം, വളരെ Sophisticated machines മാറി മാറി വരുന്ന കാലമാണ്. ഇത് ഉപയോഗിക്കാൻ അറിയാവുന്നവരാണോ ഉപയോഗിക്കുന്നതെന്നറിയില്ല. ബ്ലഡ് ടെസ്റ്റ് ചെയ്താൽ ഒരു ലാബിൽ കിട്ടുന്ന റിസൽട്ട് ആയിരിക്കില്ല മറ്റൊരു ലാബിൽ കിട്ടുന്നത്. ഇങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് വ്യക്തമായ ഒരു കണക്കും ലഭ്യമല്ല. ഇവയൊക്കെ അനുഭാവപൂർവ്വം പരിഗണിച്ച് എന്റെ "2005-ലെ മെഡിക്കൽ രംഗത്തെ തൊളിലാളികൾക്കുള്ള ക്ഷേമനിധി ബില്ലിനു" അവതരണാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. മെഡിക്കൽ സ്റ്റോറുകളിലും സ്വകാര്യ ലാബുകളിലും ജോലി ചെയ്യുന്നവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നിയമമാണിത്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ചില വസ്തുതകളാണ്. പാരാമെഡിക്കൽ രംഗത്ത് ലബോറട്ടറികളും മെഡിക്കൽ സ്റ്റോറുകളുമായി അനുബന്ധിച്ച് പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ പൊതുജനാരോഗ്യരംഗത്ത് ആരോഗ്യപരിരക്ഷ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ആ രംഗത്തെ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ സംവിധാനമില്ല എന്നു പറയുന്നത് ശരിയാണ്. അതു കണക്കിലെടുത്ത് ഗവൺമെന്റ് പാരാമെഡിക്കൽ കൗൺസിൽ ബിൽ പാസാക്കിയെടുക്കാൻ വളരെ വർഷങ്ങളായി ശ്രമിക്കുകയാണ്. കേരളത്തിലെ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനും അവിടെയുള്ള ആശാസ്യമല്ലാത്ത പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും വളരെ ശക്തമായ സംവിധാനം ആവശ്യമാണ്. മാത്രമല്ല ആ രംഗത്ത് ഒരു പാട് മാറ്റങ്ങൾ വന്നിട്ടുണ്ട്. ലബോറട്ടറി എന്നുപറയുന്ന സങ്കൽപ്പത്തിനുതന്നെ മാറ്റം വന്നിട്ടുണ്ട്, ഇപ്പോഴും പഴയ കാലത്ത് സ്ഥാപിച്ചിട്ടുള്ള പരമ്പരാഗത ടെസ്റ്റുകൾ നടത്തുന്നവ നമ്മുടെ നാട്ടിൻപുറങ്ങളിലും പട്ടണങ്ങളിലും അവശേഷിക്കുന്നുണ്ട്. പക്ഷേ ആ രംഗത്ത് ഒരുപാട് മാറ്റങ്ങൾ വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എച്ച്. ഐ.വി. യുടെയും എയ്ഡ്സിന്റെയുമൊക്കെ ഈ കാലഘട്ടത്തിൽ ആരോഗ്യ രംഗത്ത് വളരെ കൂടുതൽ സൂക്ഷ്മതയും നിയന്ത്രണങ്ങളും ആവശ്യമാണ്. ഗവൺമെന്റ് ആ അർത്ഥത്തിൽ തന്നെ അത് കണ്ടിട്ടുണ്ട്. അതിന് ആവശ്യമായ നിയമനിർമ്മാണത്തിന് ഗവൺമെന്റ് മുതിരുകയാണ്. ഇപ്പോഴത്തെ മെഡിക്കൽ/പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് അനുവദിക്കുന്നതുതന്നെ പാരാമെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കണം എന്നതാണ് ഗവൺമെന്റ് തീരുമാനം. അതുപോലെതന്നെ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നതും പാരാമെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം എന്നതാണ് ഗവൺമെന്റ് കാഴ്ചപ്പാട്. അതുകൊണ്ട് ആ രംഗത്ത് ആവശ്യമായ ശ്രദ്ധ പതിപ്പിക്കുന്നതും ആവശ്യമായ നടപടി സ്വീകരിക്കുന്നതുമായിരിക്കും എന്ന് അങ്ങയെ അറിയിക്കുന്നു. ഞാൻ സൂചിപ്പിച്ചതുപോലെ നമ്മുടെ നിലവിലുള്ള പദ്ധതികളിലുൾപ്പെടുത്തി അവരുടെ ക്ഷേമം ഉറപ്പുവരുത്താൻ കഴിയുമെന്നുള്ളതുകൊണ്ട് ഇവർക്ക് മാത്രം പ്രത്യേക ക്ഷേമനിധിയെന്ന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ഗവൺമെന്റ് തന്നെ മുൻകൈയെടുത്ത് അങ്ങനെ ഒരു ബിൽ അവതരിപ്പിക്കുമ്പോൾ ഞാൻ സൂചിപ്പിച്ച വിഭാഗത്തിന്റെ ക്ഷേമം ഉറപ്പാക്കുമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ സഭയുടെ അനുമതിയോടെ പ്രമേയം പിൻവലിക്കുന്നു.

മി. ചെയർമാൻ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

(പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.)

8. 2005-ലെ ഇഷ്ടിക കളങ്ങളിൽ തൊഴിൽ ചെയ്യുന്നവർക്കു വേണ്ടിയുള്ള ക്ഷേമനിധി ബിൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: 2005-ലെ ഇഷ്ടിക കളങ്ങളിൽ തൊഴിൽ ചെയ്യുന്നവർക്കുവേണ്ടിയുള്ള ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തമ്പാനൂർ രവി: പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ഇഷ്ടികകളങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മാത്രമായി ഒരു ക്ഷേമനിധിയെന്നത് പ്രായോഗികമായി പ്രയാസമുള്ള കാര്യമാണ്. മാത്രമല്ല ഇഷ്ടിക കളങ്ങളിലെ തൊഴിൽ സ്ഥിരമായ ഒരു ജോലിയല്ല; അത് സീസണൽ വർക്കാണ്. ശ്രീ. പ്രതാപവർമ്മ തമ്പാന്റെ മണ്ഡലത്തിലാണ് ഇത്തരം തൊഴിലാളികൾ ഏറ്റവും കൂടുതൽ പണിയെടുക്കുന്നത്. അവിടെ പണിയെടുക്കുന്നവരിൽ ഭൂരിഭാഗവും കേരളീയർ അല്ലെന്നുള്ളതാണ് ഒരു വസ്തുത; പണിയെടുക്കുന്നവരിൽ കൂടുതലും ബീഹാറുകാരും നേപ്പാളുകാരുമാണ്. അവരെ കൂടി ഒരു ക്ഷേമ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് പ്രായോഗികമായ ചില പ്രശ്നങ്ങളുണ്ട്. മാത്രമല്ല എല്ലാ വിഭാഗങ്ങൾക്കും പ്രത്യേക ക്ഷേമനിധി എന്നത് പ്രായോഗികമായി ബുദ്ധിമുട്ടുള്ള കാര്യമാണ്. അതുകൊണ്ട് ഒരു പൊതു ക്ഷേമനിധി, തൊഴിലാളികൾക്കാകെ— കേന്ദ്ര ഗവൺമെന്റ് അസംഘടിത മേഖലയിലുള്ള തൊഴിലാളികൾക്കെല്ലാം,

LIBRARY ARCHIVES Kerala Legislative Assembly